**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1960** **26-10-2026-ൽ മറുപടിയ്ക്ക്**

**സ്വാഭാവിക മരണങ്ങളിൽ രാത്രികാല പോസ്റ്റ്മോർട്ടം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** വീടുകളിൽ വെച്ചുണ്ടാകുന്ന സ്വാഭാവിക മരണങ്ങളിൽ, മരണം ഔദ്യോഗികമായി സ്ഥിരീകരിക്കുന്നതിനായി രാത്രികാലങ്ങളിൽ മൃതദേഹം ആശുപത്രികളിൽ എത്തിക്കുമ്പോൾ അവ നിർബന്ധമായും 'മെഡിക്കോ-ലീഗൽ കേസ്'' (എം.എൽ.സി) ആയി കണക്കാക്കി പോലീസിലേക്ക് ഇൻഫർമേഷൻ നൽകുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** വീടുകളിൽ സംഭവിക്കുന്ന സ്വാഭാവിക മരണങ്ങളിൽ മരണ കാരണം വൈദ്യശാസ്ത്രപരമായി വ്യക്തവും സംശയാസ്പദമായ സാഹചര്യങ്ങളൊന്നും ഇല്ലാത്തതുമായ കേസുകളിൽ രാത്രി സമയത്ത് മൃതദേഹം ആശുപത്രിയിൽ എത്തിക്കുന്നു എന്ന കാരണത്താൽ മാത്രം എല്ലാ കേസുകളെയും മെഡിക്കോ-ലീഗൽ കേസുകളായി കണക്കാക്കേണ്ടതില്ല. എന്നാൽ മരണത്തിന്റെ സാഹചര്യങ്ങൾ, ലഭ്യമായ ചികിത്സാ രേഖകൾ, പരിശോധനാ ഫലങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മരണ കാരണം സ്ഥിരീകരിക്കാൻ കഴിയാത്തതോ അസ്വാഭാവികമോ സംശയാസ്പദമോ ആയ കേസുകളിൽ നിലവിലുള്ള നിയമങ്ങളും നിർദ്ദേശങ്ങളും അനുസരിച്ച് പോലീസിനെ അറിയിക്കുകയും ആവശ്യമായ നിയമാനുസൃത നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്. മരണത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തുന്നതിനും അസ്വാഭാവികമായോ സംശയാസ്പദമായോ ആയ മരണങ്ങൾ തിരിച്ചറിയുന്നതിനും ആവശ്യമായ നടപടികൾ ഒഴിവാക്കാൻ കഴിയില്ല.

**(ബി)** യാതൊരുവിധ ദുരൂഹതകളോ സംശയങ്ങളോ ഇല്ലാത്ത സ്വാഭാവിക മരണങ്ങളിൽ പോലും, ഇത്തരത്തിൽ പോലീസിൽ വിവരം അറിയിക്കുന്നതിലൂടെ മൃതദേഹം ഇൻക്വസ്റ്റ്, പോസ്റ്റ്മോർട്ടം തുടങ്ങിയ നിയമപരമായ സങ്കീർണ്ണതകളിലേക്ക് പോകുന്നതും മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് വലിയ മാനസിക വിഷമതയും കാലതാമസവും സൃഷ്ടിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സ്വാഭാവിക മരണമാണെന്ന് പ്രാഥമികമായി ബോധ്യപ്പെടുന്ന സാഹചര്യങ്ങളിൽ, അനാവശ്യമായി പോസ്റ്റ്മോർട്ടം നടപടികളിലേക്ക് കടക്കാതെ ഡോക്ടർമാർക്ക് മരണകാരണം സ്ഥിരീകരിക്കുന്ന സർട്ടിഫിക്കറ്റ് (മെഡിക്കൽ സർട്ടിഫിക്കറ്റ് ഓഫ് കോസ് ഓഫ് ഡെത്ത് - എം.സി.സി.ഡി ) നൽകുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ (എസ്.ഒ.പി) പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ഇത്തരത്തിൽ അനാവശ്യമായ നിയമക്കുരുക്കുകൾ ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങളിലും നടപടിക്രമങ്ങളിലും അടിയന്തരമായി കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ സർക്കാർ തയ്യാറാകുമോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**